**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2316** **16-03-2022 - ൽ മറുപടിയ്ക്ക്**

**ജൈവമാലിന്യം എടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭ ഫുഡ് വേസ്റ്റ് / ജൈവമാലിന്യം എടുക്കുന്നതിന് എത്ര ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഏജൻസികളുടെ മേൽവിലാസവും ഫോൺ നമ്പറും വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം നഗരസഭ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജൈവമാലിന്യം ശേഖരിക്കുന്നതിന് 18 ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസികളുടെ ഫോൺ നമ്പരും മേൽവിലാസവും അടങ്ങുന്ന ലിസ്റ്റ് ഇതൊടൊപ്പം അനുബന്ധം -1 ആയി ചേർക്കുന്നു |
| (ബി) | ഏജൻസികളെ ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഏജൻസികളും നഗരസഭയും തമ്മിലുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥരെയാണ് പ്രസ്തുത കരാറുമായി ബന്ധപ്പെട്ട് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) | 11/06/2019 ലെ 3(ഡി) 9 നമ്പർ കൗൺസിൽ തീരുമാനപ്രകാരമാണ് ഏജൻസികൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. നഗരസഭയും ഏജൻസികളും തമ്മിലുള്ള കരാറിന്റെ പകർപ്പ് അനുബന്ധം -2 ആയി ചേർക്കുന്നു ബഹു. മേയറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഹെൽത്ത് ഓഫിസർ, സൂപ്പർവൈസർ, പ്രോജക്ട് സെക്രട്ടറിയേറ്റ് ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശുചിത്വപരിപാലന സമിതി അംഗം, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയും ഇംപ്ലിമെന്റിംഗ് ഓഫീസറായി ഹെൽത്ത് സൂപ്പർവൈസറേയും ചുമതലപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

**H19/35769/20** **Date: 29.01.2021**

**തിരുവനന്തപുരം നഗരസഭ പരിധിയിലെ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ജൈവ/അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ഏജൻസികളുടെ വിവരങ്ങൾ.**

| നം പർ | ലൈസൻസിയുടെ പേര്,വിലാസം, ഫോൺ നമ്പർ | ഏജൻസിയുടെ പേര് | ചുമതലയുള്ള വാർഡുകൾ | വാഹന നമ്പറും തരവും |
|---|---|---|---|---|
| 1 | സെബിൻ കുമാർ.എസ്.വി, വിജി സദനം, നെല്ലിക്കാല, ചുള്ളിയൂർ, മാരാരിമുട്ടം. ഫോൺ 9995080398 | ബത്‌ലഹേം, | നാലാഞ്ചിറ, മണ്ണന്തല, ആക്കുളം | KL 40E 2903<br>മഹീന്ദ്ര ലോഡ് കിംഗ് |
| 2 | രാജേഷ്.എം, ടി.സി 19/1120, തമലം, പൂജപ്പുര. ഫോൺ 7012373610 9400300001 | സെക്യൂർ മാനേജ്മെന്റ് സിസ്റ്റംസ്, | വിഴിഞ്ഞം, വെങ്ങാനൂർ, മുല്ലൂർ, വഞ്ചിയൂർ, പെരുന്താന്നി, ചാല,നേമം | KL 18 U 3154<br>KL01 CL 5935 |
| 3 | സുധികുമാർ , നം.13/1 സ്ട്രീറ്റ്, ജവഹർ നഗർ, തിരുവനന്തപുരം ഫോൺ 9567301312 | സണ്ണേജ് എക്കോ സിസ്റ്റം | വഴുതക്കാട്, കരിയ്ക്കകം, പട്ടം, നന്തൻകോട്, തമ്പാനൂർ, നെട്ടയം, കാച്ചാണി, വാഴോട്ടുകോണം, ഹാർബർ | TN-75-Q-4939<br>TN 74 AR 9130<br>KL 21 B 5237<br>KL19 6233<br>TN 75 P 1893<br>KL 01 BZ 2247<br>TN74AL 8712<br>KL 24 K 4944 |
| 4 | എൻ. സുധികുമാർ നം.13/1 സ്ട്രീറ്റ്, ജവഹർ നഗർ, തിരുവനന്തപുരം ഫോൺ 8137849433 9895525885 | ക്ലീൻ & ഗ്രീൻ, തിരുവനന്തപുരം | ഫോർട്ട്, കേശവദാസപുരം കവടിയാർ, പാൽകുളങ്ങര, കോട്ടപ്പുറം മെഡി.കോളേജ്, കൊടുങ്ങാനൂർ | KL-20-J-6320<br>TN 74W3121<br>KL01BN1346<br>TN75AH2234<br>TN74AR9123<br>TN75C8259<br>KL21Q2170<br>KL01BX3799 |
| 5 | സുജൻ ഡി ജെ, സ്മിത കോട്ടേജ്, വ്‌ളാത്താൻകര, തിരുവനന്തപുരം. ഫോൺ 8129777297. 9746237606 | സെന്റ്.മൈക്കിൾ പിഗ് ഫാം, | പേട്ട, ചാക്ക, ശംഖുമുഖം,വെട്ടുകാട്, കമലേശ്വരം, കണ്ണംമ്മൂല, കുന്നുകുഴി, പുത്തൻപള്ളി, മാണിക്യവിളാകം, ബീമപള്ളി, ബീമാപള്ളി ഈസ്റ്റ്, വലിയതുറ, പൂന്തുറ | TN 74 AS 0806<br>Swaraj Masda |

| | | | | |
|---|---|---|---|---|
| 6 | സജീവ് എസ്<br>എം,സജീവ് ഭവൻ,<br>ചെങ്കൽ, നെയ്യാറ്റിൻകര<br>ഫോൺ 9746237606 | സെന്റ്.ജ്യൂഡ് പിഗ് ഫാം | കാഞ്ഞിരംപാറ,<br>പേരൂർക്കട, വട്ടിയൂർക്കാവ്,<br>പി റ്റി പി നഗർ,<br>വലിയശാല,<br>തുരുത്തുംമ്മൂല | TN 74 AT 6093<br>Bharath Benz |
| 7 | ജോസ്. എൻ,<br>എൻ.എൽ നിവാസ്,<br>മണലുവിള, മാരായമുട്ടം.<br>ഫോൺ 9400243214 | കീർത്തി പിറ്റ് കമ്പോസ്റ്റിംഗ്, എം.എസ്.എഫ് .എക്സ് | പാപ്പനംകോട്, പുഞ്ചക്കരി,<br>വെള്ളാർ, തിരുവല്ലം,<br>പൂങ്കുളം | TN 75 AL 9184 |
| 8 | ശശിന്ദ്രൻ.ഡി,<br>മാവുനിന്നകുഴി<br>തടത്തരികത്തു വീട്,<br>ചെറുമഞ്ചൽ, ആര്യനാട്<br>ഫോൺ 9747050570 | മേരി മാതാ പിഗ് ഫാം | ശ്രീവരാഹം,<br>അമ്പലത്തറ,ഉള്ളൂർ,<br>ചെറുവയ്ക്കൽ, ഇവക്കോട് | KL 01 BH 8464 |
| 9 | സുനിതകുമാരി സി എസ്,<br>ടി.സി.45/1059(8),ചെറിയത<br>ുറ, ബീമാപള്ളി<br>ഫോൺ 9446325007<br>7306493899 | മണക്കാട് കുടുംബശ്രീ ക്ലീൻ വെൽ യൂണിറ്റ് | മണക്കാട് | KL 01 CK 9590<br>Ape |
| 10 | ഫ്രാൻസിസ് എ,<br>ഇമ്മാനുവൽ റബ്ബർ<br>എസ്റ്റേറ്റ്, കരുതംകോട്<br>പി.ഒ<br>ഫോൺ 9995364442 | എക്കോ ഫാം, ഇമ്മാനുവൽ | ജഗതി, മുട്ടട, | KL -74 -3952 |
| 11 | സുബീഷ് എസ്,<br>കൃപ, വലിയവിളപുരം,<br>ഒറ്റശേഖരമംഗലം<br>ഫോൺ 9916354389 | വി കെയർ ഷോപ്പിംഗ് | പാങ്ങോട്, കടകംപള്ളി,<br>അണമുഖം, ആറന്നൂർ,<br>പാളയം, പൂജപ്പുര,<br>തിരുമല, മുടവൻമുഗൾ,<br>തൃക്കണ്ണാപുരം | KL 19 J 4239<br>KL01 AM 1963<br>KL 19 6633<br>KL 20M 3329<br>K74 A 3918<br>KL 16 C 4325<br>KL 19 A 3838<br>KL 29 S 3647<br>KL 19 J 5467<br>KL 74 9949<br>KL 74 9275<br>KL 19J 6134 |
| 12 | രാജു,<br>ആർ.ആർ കോട്ടേജ്,<br>ബ്ലോക്ക നമ്പർ.9,<br>ശാസ്തവട്ടം<br>ഫോൺ 9747332892 | എസ് ജെ ഫാം, | പൗണ്ട്കടവ്, പള്ളിത്തുറ,<br>കരമന, എസ്റ്റേറ്റ്,<br>ശ്രീകണ്ഠേശ്വരം | KL 16 S 3424 |
| 13 | മതിവാണൻ, ടി.സി<br>2/84, പ്രാവച്ചമ്പലം<br>ഫോൺ 9562845320<br>8547484852 | നം.1 സപ്പോർട്ട് സിസ്റ്റംസ്, | നെടുംങ്കാട്, കാലടി,<br>കുര്യാത്തി, ആറ്റുകാൽ,<br>കളിപ്പാൻകുളം | KL05 AA 7376<br>EICHER |

| | | | | |
|---|---|---|---|---|
| 14 | അനിൽകുമാർ,<br>ഉത്തരം കോട്, കോട്ടൂർ പി.ഒ,<br>ഫോൺ 9947910266<br>8075608728 | തെക്കുംകര ഫാംസ് കോട്ടൂർ | കുറവൻകോണം, കിണവൂർ, കുടപ്പനക്കുന്ന്, പാതിരാപ്പള്ളി, ചെട്ടിവിളാകം | KL57 J 274<br>Mahindra Nizan |
| 15 | ഫ്രാൻക്ലിൻ,<br>ആറാട്ടു<br>മണ്ണടി,ഇണ്ടന്നൂർ,<br>ഒറ്റശേഖരമംഗലം.<br>ഫോൺ 9895537539 | അന്നാ പിഗ് ഫാം, ഒറ്റശേഖരമംഗലം | ശ്രീകാര്യം, ചെല്ലമംഗലം, ചെമ്പഴന്തി, പൗഡിക്കോണം, ഞാണ്ടൂർക്കോണം | KL 74 3952<br>Mahindra |
| 16 | പ്രശാന്ത് എസ്.ആർ,<br>പ്രശാന്ത് ഭവൻ,<br>ലക്ഷ്മിപുരം എസ്റ്റേറ്റ്,<br>കോട്ടൂർ<br>ഫോൺ 9847793100 | ലക്ഷ്മിപുരം അഗ്രോ ഫാം, ലക്ഷ്മിപുരം എസ്റ്റേറ്റ്, കോട്ടൂർ | തൈയ്ക്കാട്, വലിയശാല, പൊന്നുമംഗലം, മേലാംകോട് | KL 21 Q 2149 |
| 17 | ഷൈജു കെ മാത്യു,<br>കിഴക്കേടത്ത്<br>തൈക്കൂട്ടത്തിൽ,<br>മ്ലാക്കൻകുത്ത്<br>പി.ഒ,പത്തനംതിട്ട<br>ഫോൺ 9447054090 | ബൈസൺവാലി അനിമൽ ഫാം ആന്റ് ബയോ ഫെർട്ടിലൈസർ യൂണിറ്റ്, | ആറ്റിപ്ര, കുളത്തൂർ, കഴക്കൂട്ടം, ചന്തവിള, കാട്ടായിക്കോണം | KL 58 M 8567 |
| 18 | പത്മനാഭൻ ടി,<br>ടി.സി.39/1919,ചാല<br>ഫോൺ 6385640257 | എസ് എച്ച് പിഗ് ഫാം, | മുട്ടത്തറ, വള്ളക്കടവ്, ശാസ്തമംഗലം | TN 75 AL 9489 |
| | | | | |
| | | | | |

സെക്രട്ടറി

भारतीय गैर न्यायिक

भारत

दस रुपये रु.10

सत्यमेव जयते

INDIA

TEN RUPEES Rs.10

GOVERNMENT OF KERALA
REVALIDATED TO
Rs.100
(HUNDRED RUPEES)
SIGNATURE OF THE PROPER OFFICER WITH DATE

INDIA NON JUDICIAL

കേരളം केरल KERALA 31AA 672288

## കരാർ

*(തിരുവനന്തപുരം നഗരസഭാ കൗൺസിൽ 11.06.2019 ൽ പാസ്സാക്കിയ മാലിന്യ ശേഖരണവും പരിപാലനവും- കരാറുകാരെ ഏർപ്പെടുത്തുന്നത് സംബന്ധിച്ച ബൈലോ പ്രകാരമുള്ള കരാർ)*

2019 ആഗസ്റ്റ് മാസം .......... തീയതിയിൽ തിരുവനന്തപുരം നഗരസഭയ്ക്കു വേണ്ടി നഗരസഭാ സെക്രട്ടറി അധികാരപ്പെടുത്തിയതിൻ പ്രകാരം നഗരസഭാ ഹെൽത്ത് ഓഫീസർ ഒന്നാം കക്ഷിയായും ........കേരളം........ സംസ്ഥാനത്തിൽ ........തിരുവനന്തപുരം........ ജില്ലയിൽ ........തിരുവനന്തപുരം പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷനിൽ ........T.C. 39/1919........ ........കരിമഠം കോളനി........ ........ചാല........ വീട്ടിൽ ........നിക്കലൻ നാടാർ........ എന്നയാളുടെ മകൻ/ മകൾ ........55........ വയസ്സുള്ള ........ചന്ദ്രബാബു........ എന്നയാൾ സ്വന്തം നിലയ്ക്ക് / ........S.H പിഗ് ഫാം........ എന്ന സ്ഥാപനത്തിന് വേണ്ടി രണ്ടാം കക്ഷിയായും എഴുതി പിടിപ്പിച്ച കരാർ.

No: 5820 Value Rs 100/-
22.08.2019 Issued to ചന്ദ്രബാബു
T.C 39/1919, ചാല P.O

കിള്ളിപ്പാലം വെണ്ടർ
വി. മുരുകൻ

16 AUG 2019

भारतीय गैर न्यायिक

भारत

दस रुपये

रु.10

TEN RUPEES

Rs.10

सत्यमेव जयते

INDIA

INDIA NON JUDICIAL

GOVERNMENT OF KERALA
REVALIDATED T
Rs. 100
(HUNDRED RUPEES
1/8/2019
SIGNATURE OF THE P
OFFICER WITH DA

കേരളം केरल KERALA 31AA 672289

**കരാർ വ്യവസ്ഥകൾ**

1.1 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയായിരിക്കും അല്ലെങ്കിൽ കരാർ തീയതി മുതൽ ഒരു വർഷത്തേയ്ക്കാണ് കാലാവധി.

1.2 കരാർ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പായി കരാർ പുതുക്കേണ്ടതാണ്.

1.3 കരാർ കാലാവധി അവസാനിച്ചിട്ടും കരാർ പുതുക്കാത്ത പക്ഷം കരാർ റദ്ദായതായി കണക്കാക്കുന്നതാണ്.

1.4 കരാറുകാർ അതതു കാലത്തെ നികുതി സമ്പ്രദായം അനുസരിച്ചുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിരിക്കേണ്ടതാണ്.

1.5 കരാർ വാഹനത്തിന് മോട്ടോർ വാഹന നിയമ പ്രകാരമുള്ള എല്ലാ അനുമതികളും ഉണ്ടായിരിക്കേണ്ടതാണ്.

No: 5821 Value Rs 100/-
22.08.2019 Issued to പത്മകാന്ത്
TC 39/1919, ചാല P.O

കിള്ളിപ്പാലം വെണ്ടർ
വി. മുരുകൻ

PRINCIPAL SUB TREASURY
14 AUG 2019

1.6 ഉറവിടത്തിൽ നിന്നുള്ള മാലിന്യ ശേഖരണം, പരിവഹണം, പരിപാലനം, പുന:ചംക്രമണം, പുനരുപയോഗം എന്നിവ കരാറുകാരൻ സ്വന്തം ഉത്തരവാദിത്തത്തിൽ പരിസ്ഥിതിക്ക് കോട്ടം വരാതെ നഗരസഭയുടെ താല്പര്യം അനുസരിച്ച് നിർവ്വഹിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് തർക്കമോ പരാതികളോ ഉണ്ടാകുകയോ നഗരസഭയ്ക്കോ പൊതുജനങ്ങൾക്കോ കഷ്ടനഷ്ടങ്ങൾ ഉണ്ടാവുകയോ ചെയ്യുന്ന പക്ഷം കരാറുകാരൻ സ്വന്തം ഉത്തരവാദിത്തത്തിൽ പരിഹാരം കാണേണ്ടതാണ്. ആയതിൽ നഗരസഭയ്ക്ക് യാതൊരുവിധ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.കരാറുകാരൻ പരിഹാരം കാണാത്ത സാഹചര്യത്തിൽ നഗരസഭ സ്വന്തം നിലയിൽ പരിഹാരം കാണുന്നതും അതിലേക്കായി നഗരസഭയ്ക്കുണ്ടാകുന്ന സകല നഷ്ടങ്ങളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

1.7 കരാറുകാർ മാലിന്യം ശേഖരിക്കേണ്ട വാർഡുകൾ, സ്ഥാപനങ്ങൾ എന്നിവ കരാറുകാരുടെ ശേഷിക്കനുസരിച്ച് നഗരസഭ നിശ്ചയിച്ചു നൽകുന്നതായിരിക്കും.

1.8 കരാറുകാർ തങ്ങൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള വാർഡുകൾ/ സ്ഥാപനങ്ങളിൽ നിന്നും നഗരസഭാ നിർദ്ദേശപ്രകാരം, നിശ്ചയിക്കുന്ന സമയപരിധിയിൽ തരം തിരിച്ചു മാത്രം മാലിന്യം ശേഖരിക്കേണ്ടതാണ്.

1.9 മൂടിയുള്ളതും ചോർച്ചയില്ലാത്തതുമായ പ്ലാസ്റ്റിക്/ഫൈബർ/മെറ്റൽ കണ്ടയിനറുകളിൽ ജൈവമാലിന്യം തരംതിരിച്ച് ശേഖരിക്കേണ്ടതും കണ്ടയിനറുകളുടെ പുറത്ത് കരാറുകാരന്റെ പേര് മുദ്രണം ചെയ്യേണ്ടതതുമാണ്.

1.10 അജൈവ മാലിന്യങ്ങൾ ജൈവമാലിന്യങ്ങളോടൊപ്പം കൂട്ടിക്കലർത്താനോ പരിവഹണം ചെയ്യാനോ പാടുള്ളതല്ല.

1.11 അജൈവ മാലിന്യം പരിപാലിക്കുന്നതിന് അനുമതി ഇല്ലാത്ത കരാറുകാർ നഗരസഭ നിർദ്ദേശിക്കുന്ന പക്ഷം അജൈവ മാലിന്യങ്ങൾ നഗരസഭാ കലണ്ടർ പ്രകാരം ശേഖരിക്കേണ്ടതും നഗരസഭ നിർദ്ദേശിക്കുന്ന പ്രകാരം നഗരസഭയ്ക്കോ, നഗരസഭ ചുമതലപ്പെടുത്തുന്ന ഏജൻസിക്കോ കൈമാറേണ്ടതുമാണ്. ഇത്തരത്തിൽ അജൈവ മാലിന്യങ്ങൾ നഗരസഭയ്ക്ക് കൈമാറുന്ന കരാറുകാരിൽ നിന്ന് നഗരസഭ കാലാകാലങ്ങളിൽ

നിശ്ചയിക്കുന്ന യൂസർ ഫീ ഈടാക്കുന്നതും ആയത് അജൈവ മാലിന്യം കൈകാര്യം ചെയ്യുന്ന ഏജൻസിക്ക് നല്കുന്നതുമാണ്.

1.12 മാലിന്യം പരിവഹണം ചെയ്യുന്ന വാഹനം പൂർണ്ണമായും മൂടിയുള്ളതും പിൻഭാഗത്ത് പൂട്ടോടുകൂടിയ അടപ്പുള്ളതും ലീക്ക് പ്രൂഫ് / ലീച്ചേറ്റ് കളക്ഷൻ സംവിധാനമുള്ളതുമായിരിക്കണം.

1.13 നഗരസഭയുമായി കരാറിലേർപ്പെടുന്നവർ മാലിന്യം പരിവഹണം ചെയ്യുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങൾ ഓറഞ്ച് നിറത്തിൽ പെയിന്റ് ചെയ്യേണ്ടതും വാഹനത്തിന്റെ ഇരുവശങ്ങളിലും മദ്ധ്യഭാഗത്തു കൂടി 30 സെ.മീ. വീതിയിൽ കടുംനീല നിറത്തിൽ പെയിന്റ് ചെയ്ത് അതിനു മുകളിൽ കരാർ നമ്പർ വെള്ള നിറത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

1.14 മാലിന്യം പരിവഹണം ചെയ്യുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ നഗരസഭ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ജി.പി.എസ്. ട്രാക്കർ ഘടിപ്പിക്കേണ്ടതും ആയതിന്റെ ട്രാക്കിംഗ് സംവിധാനം നഗരസഭയ്ക്ക് കൈമാറേണ്ടതുമാണ്.

1.15 മാലിന്യം ശേഖരിക്കുന്ന വാഹനങ്ങളിൽ വെയിംഗ് മെഷിൻ ഉണ്ടായിരിക്കേണ്ടതും ദിനംപ്രതി ശേഖരിക്കുന്ന അളവ് അനുസരിച്ച് നഗരസഭയുടെ സോഫ്റ്റ്‌വെയർ സംവിധാനത്തിന്റെ സഹായത്തോടെ കരാറുകാരൻ മാലിന്യ ഉല്പാദകന്റെ അംഗീകാരത്തോടെ രേഖപ്പെടുത്തേണ്ടതുമാണ്.

1.16 കരാറുകാരൻ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളിലൊഴികെ മറ്റ് വാഹനങ്ങളിൽ മാലിന്യ ശേഖരണം നടത്തുകയോ മറ്റു വാഹനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യുവാനോ പാടുള്ളതല്ല.

1.17 കരാർ വാഹനത്തിന് എന്തെങ്കിലും തകരാർ സംഭവിക്കുന്ന പക്ഷം നഗരസഭാ സെക്രട്ടറി /ഹെൽത്ത് ഓഫീസർ/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ അനുമതിയോടെ പകരം വാഹനം ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ പകരം വാഹനം ഉപയോഗിക്കുന്നതിനുള്ള കാലപരിധി നിശ്ചയിക്കുന്നതിനുള്ള അധികാരം സെക്രട്ടറി / ഹെൽത്ത് ഓഫീസർ / സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനായിരിക്കും. .

1.18 ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള യൂസർഫീ കാലാകാലങ്ങളിൽ നഗരസഭ നിശ്ചയിക്കുന്നതാണ്. യൂസർ ഫീസ് മാലിന്യ ഉല്പാദകരിൽ നിന്ന് നഗരസഭ ശേഖരിക്കുന്നതും 10 ശതമാനം തുക

അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ഈടാക്കി ബാക്കി 90 ശതമാനം തുക കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതായിരിക്കും.

1.19 കരാർ വ്യവസ്ഥ ലംഘിക്കുന്ന പക്ഷം കരാറുകാരനിൽ നിന്ന് നഗരസഭ നിശ്ചയിക്കുന്ന ഫൈൻ ഈടാക്കുന്നതും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

1.20 കരാറുകാരൻ മാലിന്യം ശേഖരിക്കുന്നതിനായി ചുമതലപ്പെടുത്തുന്ന തൊഴിലാളികൾ നീല നിറത്തിലുള്ള പാന്റ്സും ഷർട്ടും റിഫ്ളക്ടർ ബോണ്ട് പതിപ്പിച്ച ഓവർകോട്ടും ധരിച്ചിരിക്കേണ്ടതാണ്. ഇത് കൂടാതെ മാസ്ക്, ഗ്ലൗസ് തുടങ്ങിയ സുരക്ഷാ സംവിധാനവും കരാറുകാരൻ ഒരുക്കി നൽകേണ്ടതാണ്.

1.21 തൊഴിലാളിൾക്ക് ലേബർ ആക്ട് പ്രകാരമുള്ള എല്ലാ വേതന-സേവന വ്യവസ്ഥകളും പാലിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

1.22 നഗരസഭ ആവശ്യപ്പെടുന്ന പക്ഷം ആവശ്യപ്പെടുന്ന സമയത്ത് സ്വന്തം ചെലവിൽ കരാറുകാർ കരാർ വാഹനം നഗരസഭാ പരിധിയിലെ അംഗീകൃത വെയ്ബ്രിഡ്ജിൽ തൂക്കം പരിശോധിച്ച് അതിന്റെ രസീത് ഒപ്പിട്ട് നഗരസഭയ്ക്ക് കൈമാറേണ്ടതാണ്. വെയ്ബ്രിഡ്ജ് രസീത് പ്രകാരമുള്ള തൂക്കവും സോഫ്റ്റ് വെയർ പ്രകാരമുള്ള തൂക്കവും തമ്മിൽ നീതീകരിക്കാനാകാത്ത അന്തരമുള്ള പക്ഷം കരാർ ലംഘനമായി കണക്കാക്കി കരാർ റദ്ദാക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1.23 നഗരസഭാ സെക്രട്ടറിക്കോ /ഹെൽത്ത് ഓഫീസർക്കോ/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഏതു സമയത്തും മുൻകൂട്ടി അറിയിക്കാതെ കരാർ വാഹനം, ശേഖരണ-പരിവഹണ-പരിപാലന സംവിധാനങ്ങൾ എന്നിവ പരിശോധിക്കുന്നതിന് അധികാരമുണ്ടായിരിക്കും. ഇത്തരം പരിശോധനകൾക്കു ശേഷം നഗരസഭ നല്കുന്ന ഏതു പരിഹാര നിർദ്ദേശവും പാലിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

1.24 കരാറുമായി ബന്ധപ്പെട്ട എല്ലാ കോടതി വ്യവഹാരങ്ങളും തിരുവനന്തപുരം ജില്ലാ കോടതിയുടെ അധികാര പരിധിയിലായിരിക്കും.

1.25 കരാർ കാലാവധി തൃപ്തികരമായി പൂർത്തിയാക്കി കരാറുകാരൻ കരാറിൽ നിന്ന് പിൻവാങ്ങുന്ന പക്ഷം നിരതദ്രവ്യം കരാറുകാരന് മടക്കി നൽകുന്നതായിരിക്കും.

1.26 കരാർ കാലയളവിൽ കരാർ ലംഘനമുണ്ടാവുകയോ കരാറുകാരനുമേൽ പിഴ ചുമത്തപ്പെടുകയോ ചെയ്യുകയും ആയത് നഗരസഭയിലേയ്ക്ക് ഒടുക്കാതെ

കരാറുകാരൻ കരാർ അവസാനിപ്പിക്കുന്നതിന് അപേക്ഷിക്കുന്ന പക്ഷം പിഴത്തുക നിരതദ്രവ്യത്തിൽ നിന്ന് ഈടാക്കുന്നതായിരിക്കും. ആയതിനു ശേഷം നിരതദ്രവ്യത്തിൽ ബാക്കി തുകയുള്ള പക്ഷം അത് കരാറുകാരന് മടക്കി നല്കുന്നതായിരിക്കും. പിഴത്തുക ഈടാക്കുന്നതിന് നിരതദ്രവ്യം മതിയാകാതെ വരുന്ന സാഹചര്യത്തിൽ അധിക തുക കരാറുകാരൻ നഗരസഭയിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി. തുക നഗരസഭ റവന്യൂ റിക്കവറി മുഖാന്തിരം ഈടാക്കുന്നതായിരിക്കും.

1.27 കരാറുകാരൻ യാതൊരു കാരണവശാലും ആശുപത്രി മാലിന്യങ്ങൾ, ഇ–വേസ്റ്റ്, അപകടകാരിയായ മാലിന്യങ്ങൾ എന്നിവ ശേഖരിക്കാൻ പാടുള്ളതല്ല.

1.28 രജിസ്ട്രേഷൻ അനുവദിക്കപ്പെട്ട കരാറുകാർ അതു സംബന്ധിച്ച അറിയിപ്പ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ ഒറ്റത്തവണ രജിസ്ട്രേഷൻ ഫീസായി 25,000 രൂപ നഗരസഭാ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

1.29 രജിസ്റ്റേഡ് കരാറുകാരൻ മരണപ്പെടുന്ന പക്ഷം ടി.യാളുടെ നിയമാനുസൃത അവകാശിക്ക് മാത്രം അപേക്ഷിക്കുന്ന പക്ഷം ടി.രജിസ്ട്രേഷൻ കൈമാറി കിട്ടുന്നതായിരിക്കും.

1.30 രജിസ്ട്രേഷൻ തുകയായ 25,000 രൂപ യാതൊരു കാരണവശാലും റീഫണ്ട് ചെയ്യുന്നതല്ല.

1.31 കരാർ നടത്തിപ്പിന്റെ ഉറപ്പിലേയ്ക്കായി 10,000/– രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്.

1.32 രജിസ്റ്റർ ചെയ്ത മാലിന്യ ഉല്പാദകരിൽ നിന്ന് കരാറുകാർ കൃത്യമായി മാലിന്യം ശേഖരിക്കാത്ത പക്ഷം കരാർ ലംഘനമായി കണക്കാക്കി പിഴ ഈടാക്കുന്നതാണ്.

1.33 രജിസ്റ്റർ ചെയ്ത മാലിന്യ ഉല്പാദകരിൽ നിന്ന് കരാറുകാരൻ തുടർച്ചയായി 3 ദിവസം മാലിന്യം ശേഖരിക്കാതെ വന്നാൽ ബന്ധപ്പെട്ട സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടറുടെ അറിവോടെ കൺട്രോൾ യൂണിറ്റ് ജീവനക്കാർ പകരം സംവിധാനം ഏർപ്പെടുത്തുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ കരാർ റദ്ദാക്കുന്നതുമാണ്.

1.34 പ്രകൃതിക്ഷോഭം, വാഹന പണിമുടക്ക്, മുൻകൂട്ടി പ്രവചിക്കാനാവാത്ത മറ്റ് അടിയന്തിര സാഹചര്യങ്ങൾ എന്നിവ കാരണമാണ് മാലിന്യ ശേഖരണത്തിൽ

വീഴ്ച വരുന്നതെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിനും പിഴയും കരാർ റദ്ദാക്കലും ഒഴിവാക്കുന്നതിനും നഗരസഭാ സെക്രട്ടറിക്കോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരമുണ്ടായിരിക്കും.

1.35 കരാറിന്റെ നഗരസഭാ ഹെൽത്ത് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കരാറുകാരന്റെ കരാർ വാഹനത്തിന്റെ രേഖകളുടെ അസൽ, മാലിന്യ പരിപാലന സംവിധാനം/ കേന്ദ്രം സംബന്ധിച്ച രേഖകളുടെ അസൽ എന്നിവ കരാറുകാരൻ സൂക്ഷിക്കേണ്ടതാണ്.

1.36 കരാർ വാഹനം, മാലിന്യ പരിപാലന കേന്ദ്രം, മാലിന്യ ഉല്പാദകരുടെ സ്ഥാപനം എന്നിവിടങ്ങളിൽ സൂക്ഷിക്കേണ്ട പരിശോധനാ രജിസ്റ്റർ നഗരസഭ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി നല്കുന്നതാണ്. കരാറുകാർ ടി. രജിസ്റ്ററുകൾ സുരക്ഷിതമായി യഥാസ്ഥാനത്ത് സൂക്ഷിക്കേണ്ടതും സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ പരിശോധനയക്കും രേഖപ്പെടുത്തലുകൾക്കുമായി നല്കേണ്ടതുമാണ്.

1.37 കരാർ കാലാവധിക്ക് മുമ്പായി കരാർ അവസാനിപ്പിക്കുന്നതിന് കരാറുകാരൻ താല്പര്യപ്പെടുന്ന പക്ഷം ആയതിലേയ്ക്ക് 15 ദിവസം മുമ്പായി നഗരസഭാ സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കരാർ വ്യവസ്ഥകൾ അംഗീകരിച്ച് ഇന്നേ ദിവസം താഴെ പേർ ചേർക്കുന്ന സാക്ഷികൾ മുമ്പാകെ ഒപ്പു വയ്ക്കുന്നു.

ഒന്നാം കക്ഷി | രണ്ടാം കക്ഷി

സാക്ഷികൾ

1. S. Prakash.

PRAKASH. S.
Health Supervisor Zone-I
Municipal Corporation
Thiruvananthapuram